Advertisment



# കാലത്തിന്റെ എഴുത്തകങ്ങൾ – (ഡോ. മുഞ്ഞിനാട് പത്മകുമാർ)

June 16, 2023

Share






















**കാലത്തിന്റെ അകവിതാനങ്ങൾ**

കൃതികളെസംബന്ധിച്ച് ഒന്നുകൂടി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. അത് കാരൂർകൃതികളിലെ മാനസികാപഗ്രഥനത്തെ അടിസ്ഥാനമാക്കിയാണ്. സംവേദനത്തിന്റെയും സ്വാനുഭവത്തിന്റെയും വെളിച്ചത്തിൽ ഉൾച്ചേർത്തു വേണം ഈ അനുഭവത്തെ പഠനവിധേയമാക്കേണ്ടത്. അതിന് അനുയോജ്യമായൊരു സാമ്പ്രദായിക രചനാഘടനയാണ് കാരൂർ നോവൽ പ്രമേയങ്ങളിലാകെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ അവതരണം ആദ്യന്തം ഉദ്വേഗജനകമാണ്. അത് ചോദ്യോത്തര രൂപത്തിൽ വികാസം പ്രാപിക്കുന്ന ഒന്നല്ല. പകരം മനസ്സിനെ സംബന്ധിക്കുന്ന തീരുമാനങ്ങളെ വൈയക്തി കമായ ലക്ഷ്യത്തോടെ നോക്കിക്കാണുകയാണ് കാരൂർ ചെയ്യുന്നത്. ഇത്തരം ശൈലിക്ക് ഒരു പ്രത്യേകതയുണ്ട്. അതൊരിക്കലും ഉടഞ്ഞു പോകാത്ത, വരണ്ടുപോകാത്ത ഒരു ജീവിതത്തെ കാട്ടിത്തരുന്നു. ഇറ്റാലി യോകാൽവിനോയുടെ ഒരു നോവൽ ഇവിടെ ഓർക്കാവുന്നതാണ്. ‹കള ീ മ ണശില്യേ ചശഴവേ മ ൃമ്ലഹല്യ› എന്നാണ് ആ നോവലിന്റെ പേര്. ആധുനി കാനന്തര നോവൽ എന്നതിനെ വിശേഷിപ്പിക്കാം. ആ നോവൽ ഒരു ജീവിതയാത്രയാണ്. അത് ആരംഭത്തിൽ നിന്ന് അവസാനത്തിലേക്കും അവസാനത്തിൽ നിന്ന് ആരംഭത്തിലേക്കും നീങ്ങുന്നു. അത് ശൈലീ സംസ്കാരത്തിന്റെ മൗലികമായൊരു സാദ്ധ്യതയാണ്. അതാകട്ടെ കാല ത്തിന്റെ നിശബ്ദതയെപ്പോലും ഇളക്കി പ്രതിഷ്ഠിക്കാനാകുംവിധം ആദ്യന്തം കൃതിയെ ഉദ്വേഗഭരിതമാക്കിത്തീർക്കുന്നു. ഈ അസ്വസ്ഥതയിൽ നിന്നാണ് ജീവിതത്തിന്റെ പൊരുളിനെ നാം തിരിച്ചറിയേണ്ടത്. ഇത്തര മൊരനുഭവത്തിന്റെ സമുദ്രവിശാലതയാണ് കാരൂരിന്റെ നോവലുകളിൽ നമുക്ക് കണ്ടെത്താനാകുന്നത്. ഈ നോവലുകളിലൂടെ നാം നീങ്ങുമ്പോൾ ഇരുകരകളിലേക്കും ഒഴുകിപ്പരക്കുന്ന കാലം ആരെയും വിസ്മയിപ്പിക്കുക തന്നെ ചെയ്യും. അതു ഭൂതത്തിൽനിന്നു ഭാവിയിലേക്കാണ് ഒഴുകുന്നത്. വർത്തമാനം ഒരു തുറന്ന സദസ്സു മാത്രമാണ്. പ്രവാഹത്തിലാണ് ജീവിത മുഹൂർത്തങ്ങൾ സംഭവിക്കുന്നത്. ആ സംഭവങ്ങൾക്ക് കാലവുമായി ബന്ധപ്പെട്ട ഒരുറച്ച തീരുമാനമുണ്ട്. അതുകൊണ്ടാണ് കഥാപാത്രങ്ങ ൾക്ക് അനുയോജ്യ മാകുംവിധം ആഖ്യായികകളുടെ രസസന്നിവേശം തീക്ഷ്ണവും സക്രിയ വുമായൊരു പൊരുത്തപ്പെടലിലേക്കു നീങ്ങുന്നത്.

ഇറ്റാലിയോ കാല്വിനോയുടെ നോവലിൽ കണ്ട പ്രത്യക്ഷ പ്രത്യേക തകളെല്ലാം തന്നെ കാരൂരിന്റെ ആഖ്യായികാലോകത്തുണ്ട്. കാരൂരിന്റെ കഥാപാത്രങ്ങൾക്കും സ്ഥലരാശികൾക്കും അവയ്ക്കിടയിൽ ഒഴുകിപ്പര ക്കുന്ന മാനസികമായ കാലബോധത്തിനും ഏകദാനതയുടെ മടുപ്പില്ല. അത് ഒരേകാലം പലകാലങ്ങളെക്കുറിച്ചുള്ള ബോധ്യപ്പെടുത്തലുകളാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ജീവിച്ചിരിക്കെ തന്നെ മൃതിപ്പെടാതെ പുതിയ പുതിയ ജീവിതമെടുത്തണിയുന്ന മനുഷ്യരുടെ ആകുലതകളും അസ്വസ്ഥതകളുമാണ്.

കാരൂരിന്റെ 'കന്യാസ്ത്രീ കാർമ്മൽ' എന്ന നോവൽ മേൽപ്പറഞ്ഞ സൗന്ദര്യനിരീക്ഷണങ്ങളോട് ചേർത്തുവച്ച് വായിക്കാവുന്നതാണ്. നോവലിലെ സംഘർഷം സൂക്ഷ്മാർത്ഥത്തിൽ വിചിന്തനംചെയ്താൽ അത് എത്തിച്ചേരുന്നിടം വിശുദ്ധമായൊരു അനുഭവതലത്തിലേക്കാണ്. ആ വിശുദ്ധതലമാകട്ടെ കന്യാസ്ത്രീ കാർമ്മലിന്റെ ഉള്ളുരുകുന്ന ആത്മ വേദന കൂടിയാണ്. അതിൽ നിന്നൂറിക്കൂടുന്ന പവിത്രനദിയിലാണ് കന്യാ സ്ത്രീയുടെ കാരുണ്യപ്രവർത്തികളെല്ലാം നിമഗ്നമാകുന്നത്. അതിനായി അവർ കാലം തെരുവിലേക്ക് വലിച്ചെറിഞ്ഞ വേശ്യകളെത്തന്നെ തെരഞ്ഞെ ടുക്കുന്നു. അവർക്ക് അഭയമാകുന്നു. അവർക്ക് അന്നമാകുന്നു. അവർക്ക് തണലിടമാകുന്നു. അങ്ങനെ നിരന്തരം പരിണാമവിധേയമായൊരു സ്വത്വ ബോധം സൃഷ്ടിച്ചെടുത്തുകൊണ്ട് കുലീനമായൊരു മഹത്വ പൂർണ്ണത യിലേക്ക് എത്തിച്ചേരുകയാണ് കാർമ്മൽ. കാർമ്മലിന്റെ വഴിത്താരകളി ലൂടെ നീങ്ങുന്ന കാലം ഒരുവേള സ്വന്തം സ്വത്വം തേടുന്ന പോലുമുണ്ട്. അത്തരമൊരു ശുദ്ധീകരണക്രിയയുടെ ആരോഹണാവരോഹണങ്ങൾ സദാ പ്രഭാപൂരം ചൊരിഞ്ഞുനിൽക്കുന്ന മഹത്തായ ഈ നോവൽ ആരംഭ ത്തിൽ സൂചിപ്പിച്ചതുപോലെ സ്വയം നവീകരിക്കുകയും ആ നവീകരണ പ്രക്രിയയിലൂടെ കാലഗന്ധിയായ ജീവിതയാനത്തെ ആഴത്തിൽ അടയാള പ്പെടുത്തുകയും ചെയ്യുന്നു. ഇറ്റാലിയോ കാല്വിനോയുടെ നോവലിൽ അനുഭവപ്പെടുമ്പോലൊരു ആന്തരിക ശുദ്ധീകരണ പ്രക്രിയ ഈ നോവലിലും അന്തർലീനമായി വർത്തിക്കുന്നു.

ഇത് നോവലിലെ ജീവിതവുമായി ബന്ധപ്പെട്ട ഒരു തലം. എന്നാൽ മറുതലത്തിൽ കാർമ്മലിന്റെ മാനസികാപഗ്രഥന നിർവ്വചനത്തിലെ സാത്വി കമായ അനുഭവതലം ഗൂഢമെങ്കിലും വായനയിൽ പ്രകടപ്രത്യക്ഷമായി ത്തീരുന്നുണ്ട്. അവിടെ കാർമ്മലിലെ സ്ത്രീത്വത്തിന്റെ ഭിന്നരാശിയിൽ നിന്നുൾച്ചേർന്ന സാംസ്കാരികതലമാണ് അനുഭവവേദ്യമാകുന്നത്. കന്യാസ്ത്രീ കുപ്പായം അഴിച്ചു വച്ച, വെറും സ്ത്രീയായിമാത്രം പരിഗണി ക്കാവുന്ന കാർമ്മൽ നടന്നുതീർത്ത ദൂരങ്ങൾ പുറത്തേക്കായിരുന്നില്ല എന്ന് നോവലിസ്റ്റ് പറയാതെതന്നെ പറഞ്ഞു വയ്ക്കുന്നു. ഇത്തരമൊരു പറയാതെ പറച്ചിൽ കാരൂരിന്റെ നോവലിന്റെ അകവിതാനങ്ങളെ പല പ്പോഴും ചൈതന്യവത്താക്കിത്തീർത്തിട്ടുണ്ടെന്നു കൂടി പറഞ്ഞു വയ്ക്കട്ടെ.

പ്രത്യക്ഷത്തിൽ അതിർത്തികൾ കടന്നു പറക്കുന്ന പക്ഷിയുടെ അതേകുതിപ്പ് ഈ നോവലിന്റെ ഊർജ്ജവേഗങ്ങളെ സാധൂകരിക്കുന്നുണ്ട്. അതുകൊണ്ടാണ് വിഖ്യാത നോവലിസ്റ്റ് യോസെ ചിറകുകളുള്ള നോവൽ എന്ന് നോവലിനെ വിശേഷിപ്പിക്കുന്നത്. ഇരുത്തംവന്ന ദർശനങ്ങളും ഉയർന്ന മാനസികാവബോധവും കാരുണ്യത്തിന്റെ മഹനീയ പാരമ്പര്യവും സ്വത്വ ശുദ്ധിയാർന്ന നിസംഗത്വവും സമന്വയിച്ച ആഖ്യായികയുടെ ബഹുത്വ മാണ് *(Multiplicity of Reading or Interpretation)* ഈ നോവലിന്റെ അകയാനങ്ങളെ ശുദ്ധീകരിക്കുന്നത്. അതു കൊണ്ടു തന്നെ കാരൂരിന്റെ ഇതര നോവലുകളുടെ സാംസ്കാരിക വ്യക്തിത്വവും ജീവിതവ്യക്തിത്വവും അടിസ്ഥാനമുദ്രകളായിത്തന്നെ കന്യാസ്ത്രീ കാർമ്മൽ എന്ന നോവലിൽ ജ്വലിച്ചു നിൽക്കുന്നു എന്ന് നിസംശയം പറയാനാകും.

ഇവിടെ ജീവിതത്തെ അടയാളപ്പെടുത്തുമ്പോൾ കാരൂരിലെ നോവലിസ്റ്റ് പാലിക്കുന്നൊരു മിതത്വമുണ്ട്. കാർമ്മൽ എല്ലാകാലത്തിന്റെയും പ്രതിനിധി യാണ് എന്നുള്ളതാണ് അതിന്റെ പ്രത്യേകതകളിലൊന്ന്. കാർമ്മലിന്റെ സ്നേഹ കാരുണ്യാദി ആർദ്ര വികാരങ്ങൾ അതിന്റെ ഉദാത്തമായ മാതൃക യായി നിലകൊള്ളുമ്പോൾത്തന്നെ സമൂഹത്തിലേക്കു തുറന്നുപിടിച്ച ഒരു മൂന്നാംകണ്ണായി മാറുകയും ചെയ്യുന്നു. അതിനു കാരണം ജീവിതമെന്ന സാമാന്യതത്വം നോവലിൽ ലക്ഷ്യവേധിയായിത്തീരുന്നതു കൊണ്ടാണ്. അതുമാത്രമല്ല, കാലചേതനയ്ക്കു പുറത്തേക്ക് മനസ്സാക്ഷിയുടെ ഒരു നിർവ്വചനമായി ഇവിടെ ജീവിതം പരിണാമവിധേയമായി ഒഴുകിപ്പോവു കയും ചെയ്യുന്നു. അതിൽ വല്ലായ്മകളുടേതായ ഒരസ്വസ്ഥത പടർന്നുപിടി ക്കുന്നുണ്ടെങ്കിലും അതിനുള്ളിൽ നിഴലിക്കുന്ന വിശ്വാസപ്രമാണത്തിന്റെ ആഴം കതിർക്കനമുള്ള ജീവിതത്തെത്തന്നെയാണ് കാട്ടിത്തരുന്നത്. ഇത് ആർജ്ജിതവ്യക്തിത്വമുള്ള ഒരു നോവലിസ്റ്റിന് മാത്രം സൃഷ്ടിക്കാൻ കഴിയുന്ന അനുഭൂതിവിശേഷമാണ്. കാർമ്മലിന്റെ വ്യക്തിത്വത്തെ അവതരി പ്പിക്കുമ്പോഴും അവരുടെ അന്തരിന്ദ്രിയ സമസ്യകളുടെ കുരുക്കഴിക്കാൻ ശ്രമിക്കുമ്പോഴും നോവലിസ്റ്റ് അനുഭവിക്കുന്നൊരു ആത്മീയമായ ഉണർ വുണ്ട്. അതാണ് കാലഗന്ധിയായ സമസ്യകളെ പൂരണംചെയ്യുന്നത്. ഒഴുകു വാനാകാതെ കാലം തളംകെട്ടിക്കിടക്കുന്നുവെന്ന് നെരൂദ എഴുതിയ തിനു പിന്നിൽ ഇത്തരമൊരു ജീവിത സമസ്യയുടെ പുനർദർശന സാഫല്യം അതാകട്ടെ ഒരിക്കലും സ്വാർത്ഥപ്രേരിതമായൊരു അവബോധമല്ല. പകരം ജീവിതാർത്ഥങ്ങൾക്കിടയിലെ സ്വച്ഛന്ദാനുഭൂതിയാണത്. കാരൂരിന്റെ നോവലുകളിൽ ഇത്തരമൊരു പാട് ഒഴുകിപ്പരക്കലുകളുണ്ട്. അതെല്ലാം സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും സമർപ്പണങ്ങളാണ്. അതിൽ വിമോചനത്തിന്റെ ദൈവശാസ്ത്ര പൊരുൾ വിലയം പ്രാപിച്ചിരിക്കുന്നു.

കാരൂരിന്റെ എഴുത്തിലുടനീളം ഇത്തരമൊരു വികാരവിപുലീകരണ മുണ്ട്. പ്രത്യക്ഷത്തിൽ അത് അനുഭവസാകല്യത്തിലേക്ക് വികസിക്കുന്ന ഒരനുഭൂതിയാണ്. എന്നാൽ അതേ അർത്ഥത്തിൽത്തന്നെ അതിൽനിന്ന് ഊറിക്കൂടുന്ന നിയതിയുടെ മോചനമാർഗ്ഗങ്ങൾ ഗൂഢമായി ആഘോഷി ക്കപ്പെടുന്നതും കാണാം. അങ്ങനെ വരുമ്പോൾ കാലം നോവലിനു പുറത്തേക്കൊഴുകാതെ അകത്തേക്കുതന്നെ ഒഴുകിപ്പരക്കുന്നു. ബാഹ്യമായ ആരവങ്ങൾ അകത്തേക്ക് പെയ്തൊഴിയുന്ന സംഗീതമകുന്നു. അങ്ങനെ അന്വേഷണങ്ങളുടെ ജനിമൃതി തേടലായി കാരൂരിന്റെ കഥാലോകം ഭാഷയിൽ ത്രസിച്ചുനിൽക്കുന്നു.

ഇവിടെയെല്ലാം യാഥാർത്ഥ്യത്തെ തേടിക്കൊണ്ട് മിഥ്യാഭ്രമങ്ങളെ നിരാകരിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. അതുകൊണ്ടുതന്നെ എഴുത്തിലെ ശാശ്വതത്വം കാരൂരിന്റെ കഥാലോകത്ത് നക്ഷത്രശോഭയോടെ ജ്വലിച്ചുനിൽക്കുന്നതു കാണാം. അത് ഒരർത്ഥത്തിൽ ആത്മാന്വേഷണം തന്നെയാണ്. അതിൽ രാഷ്ട്രീയ അധികാര വിശകലനങ്ങളില്ല. മനുഷ്യ കേന്ദ്രീകൃതമായ പ്രമേയങ്ങളുടെ പൊരുളടക്കങ്ങളിലൂടെ സംശുദ്ധി യാർന്നതും സാത്വികമാർന്നതുമായ ആത്മീയഔന്നിത്യം തന്നെയാണ് കാരൂർ ലക്ഷ്യംവയ്ക്കുന്നത്. അത് അതിഭൗതുകത്വത്തിലൂന്നിയ കാഴ്ച പ്പാടുകൂടിയാണ്.

## About The Author

LIMA

See author's posts

Previous article
Cyclone Biparjoy ബിപോർ ജോയ് കരതൊട്ടു; ഗുജറാത്ത് തീരത്ത് ശക്തമായ മഴയും കാറ്റും

Next article
ഫിലിപ്പീൻസിൽ ഭൂചലനം; 6.5 തീവ്രത, തുടർചലന ഭീതി

LEAVE A REPLY

Comment:

Name:*

Email:*

Website:

Save my name, email, and website in this browser for the next time I comment.

Post Comment

NEWSEWS

വൈകിവന്ന വിവേകം { അദ്ധ്യായം 13 } – മേരി അലക്സ് ( മണിയ )
December 19, 2023

MALABAR AFLAME : Lesson 15 – (Karoor Soman)
December 19, 2023

കഥാകാരൻറെ കനൽവഴികൾ , അദ്ധ്യായം 8 – ( ആത്മകഥ – കാരൂർ സോമൻ )
December 19, 2023

കാലിന്റെ ഇടയിൽ കയറുന്ന ഭൂതച്ചെറുക്കൻ. – (ലീലാമ്മ തോമസ് ബോട്സ്വാന)
December 19, 2023

കണ്ണിന് കുളിരായി (ഫ്രാൻസ്) – കാരൂർ സോമൻ
December 19, 2023

Search

Search

HOT NEWS

IPL 2024: ഐപിഎൽ ലേലത്തിന് മുമ്പേ പിന്മാറിയ മൂന്ന് വിദേശതാരങ്ങൾ
December 18, 2023

'ദാവൂദ് ഇബ്രാഹിം ആശുപത്രിയിൽ'; റിപ്പോർട്ടുകൾ തള്ളി ഇന്റലിജൻസ് വൃത്തങ്ങൾ
December 18, 2023

ഡൽഹിയിൽ തണുപ്പ് വർദ്ധിക്കുന്നു; മുന്നറിയിപ്പുമായി IMD
December 18, 2023

LITERATURE

നവകേരള സദസിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണം – കെ സി ബി സി മദ്യ വിരുദ്ധ സമിതി
November 30, 2023

മറഞ്ഞത് വേറിട്ട രചനാശൈലിയുടെ മുഖം: എഴുത്തുകാരി പി വത്സല അന്തരിച്ചു
November 22, 2023

Adventures of Super boy Ramu, ചാടും ചുണ്ടെലിയുടെ കഥ, ഈസോപ്പ് കഥകൾ എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.
November 22, 2023

COVID CASES

All countries

699,809,369

Total confirmed cases

LIMA WORLD LIBRARY

Disclaimer

Articles and opinions expressed or published in this website are exclusively the views of the authors. Neither the editor nor the publishers are responsible or liable for the contents, objectives or opinion of the articles in any form. LIMA World Library does not claim any credit for images posted on this website unless otherwise noted. The images are copyright to its respectful owners or authors. If there is any copyrighted material/images that belongs to you on this website, and do not wish for it to appear on the website, please email with a link to the said material/image, and it will be promptly removed.

Contact us: contactlimaworldlibrary@gmail.com

FOLLOW US